B2/39786/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 12.10.2023

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -അദ്ധ്യാപക വിഭാഗം ജീവനക്കാര്യം -പുസ്തകം പ്രസിദ്ധീകരിക്കൽ - പൊതു നിർദ്ദേശങ്ങൾ നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു

സൂചന :- ബഹു കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം

*********

സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്ന് അദ്ധ്യാപക വിഭാഗം ജീവനക്കാർ തയ്യാറാക്കിയ പുസ്തകങ്ങൾ, ലേഖന സമാഹാരങ്ങൾ, നിരൂപണങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിന് അനുമതി ചോദിച്ച് അപേക്ഷകൾ ലഭിക്കാറുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷകളും പുസ്തകങ്ങളും പരിശോധിക്കുമ്പോൾ മറ്റൊരാൾ എഴുതിയ /പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ / ലേഖനങ്ങൾ എന്നിവ ചെറിയ വ്യത്യാസം വരുത്തി, തലക്കെട്ടുകൾ മാറ്റി, ചിലത് വ്യത്യാസം പോലും വരുത്താതെ അതേ പടി പ്രസിദ്ധീകരിക്കുന്നതിന് അനുമതി ആവശ്യപ്പെടുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ തുടർന്നും ആവർത്തിക്കപ്പെടും എന്നതിനാൽ ഈ വിഷയത്തിൽ താഴെ പറയും പ്രകാരം പൊതു നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു

1.പുസ്തക പ്രസിദ്ധീകരണം / ലേഖന സമാഹാരങ്ങൾ / നിരൂപണം എന്നിവയ്ക്കായി വിഷയങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അതേ വിഷയം അതേ പേരിൽ തന്നെ പ്രസിദ്ധീകരിച്ചിട്ടില്ലെന്നും ഉള്ളടക്കത്തിൽ മൗലികത ഉണ്ടെന്നും ഉറപ്പു വരുത്തണം. ആയത് പ്രാഥമികമായും ഗ്രന്ഥകാരന്റെയും / പ്രസാധകന്റെയും ഉത്തരവാദിത്വമാണ്

2.പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുക്കുന്ന വിഷയത്തിൽ സർക്കാരിന് എതിരെയോ സർക്കാരിന്റെ നയങ്ങൾക്കെതിരെയോ ഉള്ള പരാമർശങ്ങൾ പാടില്ല

3.അതു പോലെ പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ ഒരിക്കലും ഏതെങ്കിലും ഒരു മതത്തെയോ, ജാതിയെയോ, ആക്ഷേപിക്കുന്നതോ, നിന്ദിക്കുന്ന തരത്തിലോ ഉള്ളതോ ആയിരിക്കരുത്

4.1960 –ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 48 –ന്റെ ഒന്നാം പ്രോവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനും അധ്യാപനത്തിനും തടസ്സമാകാതെയും പ്രതിഫലം കൈപറ്റാതെയും ചട്ടം 58 A ,62 ,63 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സൃഷ്ടികൾ നടത്തേണ്ടതും പ്രസിദ്ധീകരണം നടത്തേണ്ടതും

5.പുസ്തക പ്രസിദ്ധീകരണത്തിന് അപേക്ഷ ലഭിക്കുമ്പോൾ, അനുമതിക്കായി സർക്കാരിലേക്ക് അയക്കുന്നതിന് മുൻപായി പ്രസ്തുത പുസ്തകം / പ്രസാധകർ എന്നിവ സംബന്ധിച്ച ഒരു പൊതു വിവരം എല്ലാ കോളേജുകളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. അപ്രകാരം പ്രസിദ്ധപ്പെടുത്തി ഒരു മാസത്തിനകം രേഖാമൂലം ആക്ഷേപങ്ങളോ, മറ്റ് എതിർപ്പുകളോ, പകർത്തിയെഴുതിയതാണ് എന്നീ വിവരങ്ങൾ ഒന്നും ലഭിക്കാത്ത പക്ഷമേ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുള്ളൂ.

6.ആയതിനായി ഗ്രന്ഥകാരൻ മേൽ നിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് പ്രസിദ്ധീകരണത്തിന് അനുമതി തേടുന്നത് എന്ന ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. കൂടാതെ, പ്രസ്തുത പുസ്തകം സംബന്ധിച്ചും / പ്രസാധകരെ സംബന്ധിച്ചും, പുസ്തകത്തിലെ പ്രധാന പ്രതിപാദ്യ വിഷയത്തെ സംബന്ധിച്ച് രണ്ടു പേജിൽ കവിയാത്ത ഒരു സംക്ഷിപ്ത രൂപവും തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്

7.പുസ്തക പ്രസിദ്ധീകരണത്തിന് അനുമതി ലഭിച്ച് ആയത് പ്രസിദ്ധീകരിച്ച ശേഷം പുസ്തകം സംബന്ധിച്ച് പരാതികളോ ആക്ഷേപങ്ങളോ ഉണ്ടാകുന്ന പക്ഷം ആയതിൻ മേൽ ഉണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും ഗ്രന്ഥകാരൻ / പ്രസാദകർ ഉത്തരവാദിയായിരിക്കും.

8. കോളേജ് അദ്ധ്യാപകർ പുസ്തകങ്ങൾ /ലേഖന സമാഹാരങ്ങൾ / നിരൂപണങ്ങൾ എന്നിവ പ്രസിദ്ധീകരണത്തിനുള്ള അനുമതിയ്ക്കായി അയക്കേണ്ടത് ബന്ധപ്പെട്ട കോളേജ് മേലധികാരി വഴി ആയിരിക്കണം. പ്രിൻസിപ്പാളോ, പ്രിൻസിപ്പാൾ തസ്തികയ്ക്ക് മുകളിൽ ഉള്ളവരോ അപേക്ഷിക്കേണ്ടത് ബന്ധപ്പെട്ട കൺട്രോളിങ് ഓഫീസർ മുഖേന ആയിരിക്കണം

9.അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുള്ളവയാണോ എന്ന് പ്രാഥമിക പരിശോധന നടത്തിയ ശേഷമേ സർക്കാരിന്റെ അനുമതിയ്ക്കായി ശിപാർശ ചെയ്ത് കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിലേയ്ക്ക് അയക്കാവൂ.

പൂർണ്ണമായും സദുദ്ദേശത്തോടെയും, ഒരു വ്യക്തിയുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിലുള്ള അനധികൃതമായ കടന്ന് കയറ്റങ്ങൾ ഒഴിവാക്കുവാനും സർഗ്ഗാത്മക സൃഷ്ടിയുടെ അന്തസ്സ് നിലനിർത്താനും വൈജ്ഞാനിക രംഗത്തെ സംഭാവനകളെ പരിപോഷിപ്പിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖല പ്രതിജ്ഞാബദ്ധമായതിനാൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചായിരിക്കണം പ്രസിദ്ധീകരണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്.

Approval Valid

Digitally Approved By
സുധീർ. കെ ഐ.എ.എസ്സ്
Date: 12.10.2023
Reason: Approved

*ഒപ്പ്/-*
**സുധീർ. കെ ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1 .എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2 .സൂപ്രണ്ട് ,എ സെക്ഷൻ
3 .സൂപ്രണ്ട് ,ബി സെക്ഷൻ (എല്ലാ സീറ്റിലേയ്ക്കും )
4 .സൂപ്രണ്ട് ,ജനറൽ സെക്ഷൻ
5 .സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )